LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട് പാക്കേജിൽ ഫിർമയുടെ പോള നിർമ്മാർജ്ജനം

137 (2006) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ജലാശയങ്ങളിലെ പോള നിർമ്മാർജ്ജനം ചെയ്യുന്നതിന് ഫിർമ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കി വീണ്ടും പോള നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജലാശയങ്ങളിലെ പോള നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിക്ക് നാളിതുവരെ ചെലവഴിച്ച തുക 14,30,90,010 രൂപയാണ്. ഇതിൽ യന്ത്രമുപയോഗിച്ചുള്ള പോളവാരലിന് 13,07,26,555 രൂപയും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 36,86,490 രൂപയും വെർമികംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് (ടെയിനിംഗ് ഉൾപ്പെടെ) 28,77,025 രൂപയും മറ്റുള്ളവയ്ക്കായി 57,99,940 രൂപയുമാണ് ചെലവ്.

(ബി) പോള നിർമ്മാർജ്ജനം പുനരാരംഭിക്കുന്നതിനായി 'വേമ്പനാട് കായലിലെ പോള നിർമ്മാർജ്ജനവും പുനരുപയോഗവും' എന്ന പദ്ധതി തയ്യാറാക്കി രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം അംഗീകാരം ലഭിക്കുന്നതിനായി ഫിർമ സമർപ്പിച്ചെങ്കിലും ഒരിക്കൽ ടി പദ്ധതിക്കായി ആർ.കെ.വി.വൈ. സഹായം ലഭിച്ചതിനാൽ വീണ്ടും അനുവദിക്കാനാവില്ലെന്ന് നോഡൽ ഏജൻസി ആയ കൃഷി (പി.പി.എം. സെൽ) വകുപ്പ് അറിയിച്ചിരുന്നു. തുടർന്ന് പോള ബാധിത ജലാശയങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തുന്നതിനായി മത്സ്യകൃഷി കൂടി ഉൾപ്പെടുത്തി വീണ്ടും പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അതിലെ പോളവാരൽ ഘടകത്തിന് ആർ.കെ.വി.വൈ. പ്രകാരം ഫണ്ട് അനുവദിക്കാനാവില്ലെന്ന് കൃഷി (പി.പി.എം. സെൽ) വകുപ്പ് അറിയിച്ചിട്ടുണ്ട്.

തങ്കശ്ശേരി തുറമുഖത്തിന്റെ വികസനം

138 (2007) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന് മതിയായ തുക 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്താൻ നടപടികൾ സ്വീകരിക്കുമോ ;